**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2775** **13-10-2021 - ൽ മറുപടിയ്ക്ക്**

**സ്ഥാപനങ്ങളിലെ വനവൽക്കരണ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സ്ഥാപനങ്ങളിലെ വനവൽക്കരണ പദ്ധതിയുടെ വിശദാംശം നൽകുമോ; ഇതിനായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണ് എന്ന് അറിയിക്കുമോ; | (എ) | സ്ഥാപന വനവൽക്കരണത്തിന് താത്പര്യമറിയിക്കുന്ന സ്ഥാപനങ്ങളിൽ വനം വകുപ്പ് പരിശോധന നടത്തി സ്ഥാപന മേധാവികളുമായി ചർച്ച ചെയ്ത് MoU-ന്റെ അടിസ്ഥാനത്തിലാണ് സ്ഥാപന വനവൽക്കരണ പദ്ധതി നടപ്പിലാക്കി വരുന്നത്. സ്ഥാപന വനവൽക്കരണത്തിന് ഹെക്ടർ ഒന്നിന് ഉദ്ദേശം 2.12 ലക്ഷം രൂപ ചെലവ് വരുന്നുണ്ട്. സാധാരണ ഗതിയിൽ 3 വർഷം വരെ വനംവകുപ്പ് തന്നെ നടീലും പരിചരണ പ്രവർത്തികളും നടത്തി വരുന്നു. ചില സ്ഥാപനങ്ങൾ അവരുടെ സ്വന്തം ചെലവിൽത്തന്നെ സ്ഥാപനവനവൽക്കരണവും പരിപാലനവും നടത്തി വരുന്നുണ്ട്. കൂടാതെ സ്കൂൾ വിദ്യാർത്ഥികളിൽ വനവൽക്കരണ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും വൃക്ഷങ്ങളെക്കുറിച്ച് അറിവ് നൽകുന്നതിനും വേണ്ടി 2020-21 സാമ്പത്തിക വർഷം മുതൽ വിദ്യാവനം എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ട്. ഒരു വിദ്യാവനത്തിന് ഏകദേശം 2 ലക്ഷം രൂപയാണ് ചെലവ് വകയിരുത്തിയിട്ടുള്ളത്. |
| (ബി) | വിദ്യാവനം പദ്ധതിയുമായി നിലവിൽ എത്ര വിദ്യാലയങ്ങൾ സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്; എത്ര വിദ്യാലയങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്; അറിയിക്കുമോ; | (ബി) | സംസ്ഥാനത്തൊട്ടാകെ 2020-21 വർഷത്തിൽ 14 ജില്ലകളിലായി 21 വിദ്യാവനങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ 14 ജില്ലകളിലായി 26 വിദ്യാവനങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്കായി ഓരോ വിദ്യാലയവും ചെലവഴിക്കേണ്ട തുക എത്ര; ജില്ല തിരിച്ച് വിശദമാക്കുമോ; | (സി) | ഈ പദ്ധതി വനം വകുപ്പ് നേരിട്ടാണ് നടപ്പാക്കുന്നത്. ആയതിന് 5 സെന്റ് സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് 2.00 ലക്ഷം രൂപ ചെലവ് വരുന്നതാണ്. ആയതിനാൽ വിദ്യാലയങ്ങൾ പരിപാലനത്തിനുള്ള ചെലവുകൾ മാത്രം നടത്തിയാൽ മതി. |
| (ഡി) | പാലക്കാട് സിൽവി കൾച്ചറൽ യൂണിറ്റ് | (ഡി) | തൃശ്ശൂർ വനം ഡിവിഷന് കീഴിൽ വടക്കാഞ്ചേരി |

| | | | |
|---|---|---|---|
| | നടപ്പിലാക്കിയിട്ടുള്ള നഗരവനം പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ; നിലവിൽ നടപ്പാക്കിയിട്ടുള്ള നഗര വനങ്ങൾ ഏതെല്ലാമാണെന്നും അവയുടെ സംരക്ഷണം എപ്രകാരമാണെന്നും വ്യക്തമാക്കുമോ? | | റെയിഞ്ചിൽ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ ഓട്ടുപാറയിൽ 5.78 സെന്റ് വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് തൃശ്ശൂർ (നോർത്ത്) റിസർച്ച് ഡിവിഷന് കീഴിലുള്ള പാലക്കാട് സിൽവികൾച്ചറൽ യൂണിറ്റ് നടപ്പിലാക്കുന്ന നഗരവനം പദ്ധതി 02/07/2020-ാം തീയതി ആരംഭിച്ച് ആയതിന്റെ പ്രവർത്തനം നല്ല രീതിയിൽ പുരോഗമിച്ചുവരുന്നു. നിലവിൽ നടപ്പിലാക്കിയിട്ടുള്ള നഗരവനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. ടി നഗരവനങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതല അതാത് ടെറിട്ടോറിയൽ റെയിഞ്ചുകളിലെ ജീവനക്കാർക്കാണ്. |

സെക്ഷൻ ഓഫീസർ